# രാഷ്ട്രനിർമ്മിതിക്ക് പുതിയ ആശയങ്ങൾ ആവശ്യം- സാം പിട്രോഡ

അമൃതപുരി:പുതിയ ആശയങ്ങളാണ് ലോകത്തെ മുന്നോട്ടുനയിക്കുന്നതെന്നും രാഷ്ട്രനിർമ്മിതിക്ക് പുതിയ ചിന്തകൾ ആവശ്യമാണെന്നും പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവ് സാം പിട്രോഡ പറഞ്ഞു. അമൃതപുരി കാമ്പസിൽ നടക്കുന്ന ടെക്നോളജി ഫെസ്റ്റിൽ വീഡിയോ കോൺഫറൻസിങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.



അമൃതപുരിയിൽ നടക്കുന്ന ടെക്നോളജി ഫെസ്റ്റിൽ റോബോട്ടുകൾ തമ്മിലുള്ള മത്സരം അരങ്ങേറിയപ്പോൾ

ലോകത്ത് എല്ലാം വളരെ വേഗത്തിൽ മാറിക്കൊണ്ടിരിക്കുന്നതിനാൽ പുതിയ ആശയങ്ങൾക്ക് പ്രാധാന്യമുണ്ട്. വിദ്യാർത്ഥികൾ ഒരിക്കലും തങ്ങളുടെ ബുദ്ധിയെ കുറച്ചുകാണരുത്. വിദ്യാഭ്യാസത്തിലൂടെ അത് ഉന്നതിയിലെത്തിക്കാം. സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സർഗാത്മക കഴിവ് വികസിപ്പിക്കാനുള്ള ഏറ്റവും നല്ല അവസരം ഇന്ത്യയിലാണുള്ളത്. ലോകത്തിൽ ഏറ്റവും വലിയ പ്രശ്നങ്ങളുള്ളതും വലിയ ബുദ്ധിയുള്ളവരും ഇവിടെയാണ്. ബുദ്ധി ഉപയോഗിച്ച് പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയണം. ഒരാശയവും തള്ളിക്കളയരുത്. ഇന്നല്ലെങ്കിൽ നാളെ അത് മുതൽക്കൂട്ടായേക്കാമെന്നും അദ്ദേഹം പറഞ്ഞു.

വിവിധ അമൃത കാമ്പസുകളിലെ വിദ്യാർത്ഥികളുമായി അദ്ദേഹം സംവദിച്ചു. അമൃതപുരി കാമ്പസ് അസോസിയേറ്റ് ഡീൻ ഡോ. ബാലകൃഷ്ണശങ്കർ, സാം പിട്രോഡയെ പരിചയപ്പെടുത്തി.

ബുധനാഴ്ച നടന്ന റോബോട്ടിക്സ് നിർമ്മാണത്തിൽ അമല ജ്യോതി കോളേജിലെ ജസ്റ്റിൻ, മാത്യു, തോമസ്, ഡോണി, ബേബി എന്നിവരടങ്ങിയ ടീം വിജയികളായി. ഫെസ്റ്റ് വെള്ളിയാഴ്ച സമാപിക്കും.